*(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) 15 ശതമാനം തേയ്മാനം ചെലവായി അനുവദിച്ചു 7 കൊല്ലം കൊണ്ടു ബസ് മാറണമെന്നാണ് വ്യവസ്ഥ. 7 വർഷം പഴക്കമുള്ള ബസ്സുകളും മാറി പുതിയവ പകരം ഓടിക്കുക എന്നതാണ് കോർപ്പറേഷൻ അംഗീകരിച്ചിരിക്കുന്ന പൊതു തത്വവും. എന്നാൽ കോർപ്പറേഷനിൽ ഈ തത്വം നടപ്പാക്കുവാൻ പല കാരണങ്ങളാലും കഴിഞ്ഞിട്ടില്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ജീവനക്കാരുടെ ഉദാസീനത

821 [1240] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ ജീവനക്കാരുടെ ഉദാസീനതകൊണ്ട് പല സർവ്വീസുകളും നഷ്ടത്തിലാണ് നടത്തേണ്ടി വരുന്നതെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽനിന്നും വൈകിട്ട് അഞ്ച് ഇരുപതിനു പുറപ്പെടേണ്ട മാവേലിക്കര ഫാസ്റ്റ് പാസഞ്ചർ (കൊല്ലം–വള്ളിക്കുന്നം–കറവാനം വഴി) യാത്രക്കാർ കയറാതിരിക്കാൻവേണ്ടി അഞ്ചരമണിക്കു ശേഷമേ സ്റ്റാൻറിൽ പിടിക്കാറുള്ളു എന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കളക്ഷൻ മോശമാണെന്നു വരുത്തി ഈ സർവ്വീസ് നിറുത്തലാക്കാൻ ജീവനക്കാർ ചെയ്തു വരുന്ന ഈ നടപടി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വളരെയധികം യാത്രക്കാർ ഈ ബസ്സിനെ ആശ്രയിക്കുന്നതുകൊണ്ടു ഈ സർവ്വീസ് നിറുത്താതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടെ ഉദാസീനതമൂലം പല സർവ്വീസുകളും നഷ്ടത്തിലാണ് ഓടുന്നത് എന്ന നിഗമനം ശരിയല്ല. തൊഴിലാളികളുടെ കൃത്യ വിലോപം കാണിക്കുന്നതായി കോർപ്പറേഷന്റെ ശ്രദ്ധയിൽപെട്ടാൽ ഉചിതമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

(ബി, സി, ഡി) തിരുവനന്തപുരത്തു നിന്നും വൈകുന്നേരം പുറപ്പെടുന്ന മാവേലിക്കര ബസ് യാത്രക്കാർ കയറരുത് എന്ന ഉദ്ദേശ്യത്തോടുകൂടി താമസിച്ചു പിടിക്കാറില്ല. പ്രസ്തുത റൂട്ടിൽ ഓടുന്ന വണ്ടിക്ക് എന്തെങ്കിലും അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സന്ദർഭങ്ങളിൽ താമസം നേരിട്ടേയ്ക്കാം. ഈ ബസ് സർവ്വീസ് നിറുത്തലാക്കുന്ന കാര്യം കോർപ്പറേഷന്റെ പരിഗണനയിലില്ല.

സംസ്ഥാന ഗവൺമെൻറ് പ്രസ്സുകളുടെ വികസനം

822. [1241] ശ്രീ. പിണറായി വിജയൻ:
ശ്രീ. എൻ. സുബ്രഹ്മണ്യഷേണായ്:
ശ്രീ. എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗവൺമെൻറ് പ്രസ്സുകളുടെ വികസനത്തിനുവേണ്ടി കേന്ദ്രം സംസ്ഥാനത്തിന് എന്തു തുക അനുവദിച്ചിരുന്നു;

*അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന ഗവൺമെൻറ് ഇതിൽ എന്തു തുക ചെല വഴിച്ചു. ഏതെല്ലാം കാര്യങ്ങൾക്കു വേണ്ടി;

(സി) ആറാം പദ്ധതിയിൽ ഈ ഇനത്തിൽ കേന്ദ്രത്തിൽനിന്നും എന്തു തുക കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ എല്ലാ പദ്ധതി പ്രവർത്തനങ്ങൾക്കും കൂടി 1969-70 മുതൽ പദ്ധതി തുക അല്ലാതെ വേറെ കേന്ദ്ര വിഹിതമില്ല. പദ്ധതിക്കു മൊത്തം കേന്ദ്ര സഹായം 30 : 70 അനുപാതത്തിൽ സഹായ ധനമായും കടമായും കിട്ടുന്നു. പ്രസ് വികസനത്തിന് മാത്രമായി സഹായധനം കിട്ടുന്നില്ല. തൻമൂലം പ്രസ്സുകളുടെ വികസനത്തിനു വേണ്ടി പ്രത്യേകമായി കിട്ടുന്ന തുക കണക്ക് പറയുവാൻ നിവൃത്തി യില്ല.

(ബി) ഈ നടപ്പു വർഷത്തിൽ 80 ലക്ഷം രൂപ ഗവൺമെൻറു പ്രസ്സുകളുടെ വികസനത്തിനും സ്റ്റേഷനറിയ്ക്കുമായി നീക്കി വച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര ഗവൺമെൻറ് എത്ര തുക തന്നിട്ടുണ്ട് എന്നു പറയുവാൻ നിവൃത്തിയില്ല. ആകെയുള്ള 80 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ കേരള ബുക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈ റിക്ക് പലിശയുള്ള കടമായി കൊടുത്തു കഴിഞ്ഞു. ബാക്കിയുള്ള 30 ലക്ഷത്തിൽ 3,27,200 രൂപ സ്റ്റേഷനറി വകുപ്പിന്റെ കെട്ടിടം പണിക്കുള്ളതാണ്. ബാക്കിയുള്ള 26,72,800 രൂപയിൽ കഴിഞ്ഞ 1978 ഡിസംബർ അവസാനം വരെ 1963-ലെ അപ്രൻറീസ് ആക്റ് അനുസരിച്ച് തൊഴിൽ രഹിതരായ ഡിപ്ലോമക്കാർക്ക് അച്ചടിയിൽ പരിശീലനം നൽകുന്നതിനുവേണ്ടി 25,894 രൂപയും, മണ്ണന്തല സർക്കാർ പ്രസ്സു കെട്ടിടം പണിയുന്നതിനുവേണ്ടി 4,09,467 രൂപയും കണ്ണൂരിൽ സർക്കാർ പ്രസ്സു കെട്ടിടം പണിയുന്നതിനു വേണ്ടി 39,684 രൂപയും ചെലവായി.

(സി) ഉത്തരം എ-യിൽ പറയുന്ന കാരണങ്ങളാൽ ആറാം പദ്ധതി യിൽ കിട്ടാവുന്ന പ്രസ്സുകൾക്കു വേണ്ടിയുള്ള വിഹിതം എത്രയെന്ന് പറയുവാൻ നിവൃത്തിയില്ല.

കെ. എസ്. ആർ. ടി. സി. വർക്ക് ഷോപ്പുകൾ

823. [1242] ശ്രീ. ആർ. സുന്ദരേശൻ നായർ:

ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-79 സാമ്പത്തിക വർഷത്തിൽ കെ. എസ്. ആർ. ടി. സി. എത്ര പുതിയ വർക്കുഷോപ്പുകൾ സ്ഥാപിച്ചു;

(ബി) ഏതെല്ലാം ഡിസ്ട്രിക്റ്റുകളിൽ?

ഉത്തരം

(എ) ആൻറ് ബി 1978-79 സാമ്പത്തിക വർഷത്തിൽ കെ. എസ്. ആർ. ടി. സി. പുതിയ വർക്കുഷോപ്പുകൾ ഒന്നും സ്ഥാപിച്ചിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly